# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 23 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### സന്നിധാനം മണ്ഡലപൂജ : നിരീക്ഷണം ശക്തമാക്കി

ശബരിമല: സന്നിധാനം ഡ്യൂട്ടി മജസ്ട്രേറ്റിന്റെ നേതൃത്വത്തിൽ സന്നിധാനം, മരക്കൂട്ടം, ശബരിപീഠം, ശരംകുത്തി, ക്യൂകോംപ്ലക്സ് എന്നിവിടങ്ങളിലെ സ്റ്റാളുകളിലും ഹോട്ടലുകളിലും നടത്തിയ പരിശോധനയിൽ 12500 രൂപ പിഴ യീടാക്കി. അയ്യപ്പൻമാരിൽനിന്ന് അമിതവില ഈടാക്കിയതിനും അളവ് കുറച്ചു നൽകിയതിനുമാണ് വ്യാപാര സ്ഥാപനങ്ങൾക്ക് പിഴ ചുമത്തിയത്. പാണ്ടിത്താവളം വാട്ടർ ടാങ്കിനു സമീപം വിശ്രമകേന്ദ്രം നടത്തുന്ന രാധാകൃ ഷ്ണൻ അനധികൃത വിൽപനയ്ക്ക് സൂക്ഷച്ചിരുന്ന മാല, പിൽഗ്രിം സെന്റ റിൽ ഹോട്ടൽ അയ്യപ്പാസിൽ നിശ്ചിത അളവിലല്ലാതെ വിൽപ്പന നടത്തിയ പി.ആർ. വിദ്യാധരൻ എന്നിവർക്ക് 2500 രൂപ പിഴയിട്ടു. അളവുകുറച്ച് നെയ്റോസ്റ്റ് വിൽപ്പന നടത്തിയതിനും കോളയ്ക്ക് അമിത വില ഈടാക്കിയ തിനും 5000 രൂപയാണ് പിഴയീടാക്കിയത്. മരക്കൂട്ടം കെ.എസ്.ഇ.ബിയ്ക്ക് സമീപമുള്ള ടീ സ്റ്റാളിൽ ചായയ്ക്ക് അമിതവിലയീടാക്കിയതിന് 2500 പിഴ ചുമത്തിയിട്ടുണ്ട്.

സന്നിധാനത്ത് മണ്ഡലപുജയ്ക്കുള്ള ശുചീകരണം ഊർജ്ജിതമായി പുരോ ഗമിക്കുകയാണ്. അനധികൃതമായി മാല, പൊരി തുടങ്ങിയവ വിൽപ്പന നട ത്തുന്നവരെ കണ്ടെത്തുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. സന്നി ധാനം സാനിട്ടേഷൻ സൊസൈറ്റി സേവകർ ഒൻപത് സംഘമായി തിരിഞ്ഞ് ശുചീകരണം നടത്തുന്നുണ്ട്. റെയ്ഡിന് ഡ്യൂട്ടി മജിസ്ട്രേറ്റ് വി. രാജേന്ദ്രൻ നേതൃത്വം നൽകി. ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ജോഷി ടി.ജെ, റേഷ നിംഗ് ഇൻസ്പെക്ടർ എം.എസ്. ഗോപകുമാർ, വില്ലേജ് ഓഫീസർ തുളസീ

രാജ്, ഹെൽത്ത് ഇൻസ്പെക്ടർ ശിശുപാലൻ, ജൂനിയർ സൂപ്രണ്ട് പി. ഷിബു തുടങ്ങിയവർ റെയ്ഡിൽ പങ്കെടുത്തു.

## ശബരിമല പ്ലാസ്റ്റിക്രഹിത പൂങ്കാവനംഃ ബോധവൽക്കരണം പെരിയസ്വാമിമാരിലൂടെ

ശബരിമലഃ അയ്യപ്പകഥ പറഞ്ഞും, മണികണ്ഠന്റെ ഖ്യാതിയോതിയും സ്തോത്രങ്ങൾ പാടിയും, കലിയുഗവരദൻ, കാനനവാസൻ അയ്യപ്പന്റെ വീരേതിഹാസങ്ങൾ ഓർമ്മിപ്പിച്ചും പൂങ്കാവനം പ്ലാസ്റ്റിക്രഹിത പുണ്യഭൂമിയാക്കുന്നതിനുള്ള തീവ്രയജ്ഞത്തിലാണ് ദേവസ്വവും സർക്കാരും. പുണ്യം പൂങ്കാവനം പ്രവർത്തകർ സന്നിധാനത്തെത്തുന്ന ഓരോ സ്വാമിഅയ്യപ്പസംഘത്തേയും നേരിട്ട് കണ്ട് വിശേഷങ്ങൾ തിരക്കി, ക്ഷേമം അന്വേഷിച്ച് അഭിപ്രായങ്ങൾ ആരാഞ്ഞ്, നിർദ്ദേശങ്ങൾ സ്വീകരിച്ച് സഹകരിക്കണമെന്ന് അഭ്യർഥിക്കും. പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങൾ ഇതര സംസ്ഥാന സ്വമിമാരെ പറഞ്ഞു മനസ്സിലാക്കികൊടുക്കുന്നതിന് പ്രത്യേകം പരിശീലനം ലഭിച്ച കൗൺസിലേഴ്സിന്റെ സേവനം പുണ്യം പൂങ്കാവനം പ്രവർത്തകർ ഉപയോഗിക്കുന്നു. പരസ്യപ്രചാരണം നടത്തി സ്വാമി ഭക്തന്മാരെ ബോധവൽക്കരിക്കാൻ നല്ല മാർഗ്ഗം പെരിയ സ്വാമി തന്നെയാണെന്ന തിരിച്ചറിവാണ് ഇങ്ങനെയൊരു ഉദ്യമത്തിന് അധികാരികളെ പ്രേരിപ്പിച്ചത്. വന്യജീവികൾ ചത്തൊടുങ്ങുന്നതും വൻമരങ്ങൾ നിലംപൊത്തുന്നതും കാട്ടരുവികൾ വറ്റിയുണങ്ങുന്നതും പുണ്യ ലക്ഷണങ്ങളല്ല. പരിസ്ഥിതിക്കും സന്നിധാനത്തിന്റെ പരിപാവനതയ്ക്കും സകലചരാചരങ്ങളുടെ സഹവർത്തിത്ത്വത്തിനും സമത്വത്തിനും സാഹോദര്യത്തിനുമാണ് പ്രാധാന്യമെന്ന് ബോധ്യപ്പെടുത്തുന്നു. മനഃസ്സുഖവും സമാധാനവും തേടിയെത്തുന്ന ഭക്തർ അയ്യപ്പപ്രീതിക്കും അനുഗ്രഹത്തിനും വേണ്ടതെന്തും ചെയ്യുമെന്ന പ്രതിജ്ഞയുമായാണ് പടിയിറങ്ങുന്നത്. വരുംവർഷങ്ങളിൽ പ്ലാസ്റ്റിക് സാധനങ്ങൾ കൊണ്ടുവരില്ലെന്നും അവ കൊണ്ടവരുന്നതിൽ നിന്ന് കന്നിക്കാരെ വിലക്കുമെന്ന ദൃഢനിശ്ചയത്തോടെയുമാണ് മലയിറങ്ങുന്നത്. അതുതന്നെയാണ് പുണ്യപൂങ്കാവനം സാർത്ഥകമാക്കുന്നത്.

## സന്നിധാനം ആയ്യുർവ്വേദ, ഹോമിയോ കേന്ദ്രങ്ങളിൽ 35000ത്തോളം പേർ ചികത്സ തേടി

ശബരിമല: സന്നിധാനം ആയ്യുർവ്വേദ കേന്ദ്രത്തിൽ 24000 പേരും ഹോമിയോ കേന്ദ്രത്തിൽ 11000 പേരും ഇതുവരെ ചികിത്സ തേടിയതായി കേന്ദ്രം ചാർജ് മെഡിക്കൽ ഓഫീസർമാർ അറിയിച്ചു.

തൃശൂർ വല്ലച്ചിറ ആയ്യുർവ്വേദ കേന്ദ്രത്തിലെ ഡോ. സുഭാഷ് നാരായണൻ, കോഴിക്കോട് നന്മണ്ട ആയ്യുർവ്വേദകേന്ദ്രത്തിലെ ഡോ. കെ.എം. ഗോകുലൻ, കട്ടിപ്പാറ ആയ്യുർവ്വേദകേന്ദ്രത്തിലെ ഡോ. കെ. പ്രവീൺ, പാലക്കാട് കുരിയാർകുട്ടി ട്രൈബൽ ഡിസ്പൻസറിയിലെ ഡോ. കെ.കെ. സന്തോഷ്, വടവന്നൂർ ഡിസ്പൻസറിയിലെ ഡോ. ശിവദാസ് മേനോൻ എട്ട് പാരാ മെഡിക്കൽ സംഘവുമാണ് ആയ്യുർവ്വേദ കേന്ദ്രത്തിലുള്ളത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ / DECEMBER 23 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd

### സേവനം നിയോഗമായിമാറിയ 29 വർഷങ്ങൾ

ശബരിമല: സാക്ഷാൽ അയ്യപ്പസ്വാമി ശബരിമലയ്ക്കായ് ഒരു പോലീസ് സേനയെ രൂപീകരിക്കുകയാണെങ്കിൽ അതിൽ എൻ വിജയകുമാർ എന്ന പേര് ഉൾപ്പെടുത്തുവാൻ സ്വാമിക്ക് രണ്ടുവട്ടം ആലോചിക്കേണ്ട കാര്യമില്ല. കേരളാ പോലീസിൽ ഒരുപാട് ഉദ്യോഗസ്ഥർ ശബരിമല ഉത്സവകാലത്ത് സേവനമനുഷ്ഠിച്ചിട്ടുണ്ടെങ്കിലും ഒരു നീണ്ടകാലയളവിൽ ആത്മ സമർപ്പണത്തോടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുവാൻ സാധിച്ചത് ചുരുക്കം ചിലർക്ക് മാത്രമാണ്. അത്തരത്തിൽ ഒരു നീണ്ടകാലയളവായ 29 വർഷം അയ്യപ്പസന്നിധിയിൽ സേവനമനുഷ്ഠിക്കാൻ സാധിച്ചതിന്റെ ചാരിതാർഥ്യത്തിലാണ് നിലവിൽ സന്നിധാനത്ത് നിയമിതനായിട്ടുള്ള പോലീസ് സേനയുടെ സ്പെഷ്യൽ ഓഫീസർ എൻ. വിജയകുമാർ. കേരള പോലീസിൽ എസ്.പി റാങ്കിലുള്ള ഉദ്യോഗസ്ഥനായ ഇദ്ദേഹത്തിന് ശബരിമലയിലെ ചുമതലകൾ അയ്യപ്പസ്വാമിക്കുള്ള സമർപ്പണമാണ്. തന്റെ അർപ്പണമനോഭാവം സഹപ്രവർത്തകരിലേക്ക് പകർന്നു നൽകി അവരെ സേവന സജ്ജരാക്കുന്നതിൽ വിജയകുമാർ പ്രത്യേക താൽപര്യം കാണിക്കാറുണ്ട്. പോലീസ് സേനാംഗങ്ങളുടെ മാത്രമല്ല ശബരിമലയിൽ തീർത്ഥാടനകാലത്ത് പ്രവർത്തിക്കുന്ന മറ്റ് സർക്കാർവകുപ്പുകൾ, സംഘടനകൾ, തീർഥാടകർ, കച്ചവടക്കാർ, ക്ഷേത്രജീവനക്കാർ എ

ന്നിവരുടെയെല്ലാം സഹകരണവും ബഹുമാനവും ആവോളം ലഭിച്ചു കൊണ്ടിരിക്കുന്ന ഒരു ഉദ്യോഗസ്ഥനാണ് വിജയകുമാർ.
പല വർഷങ്ങളിലും ശബരിമലയിൽ ഡ്യൂട്ടി ചോദിച്ചുവാങ്ങി പോകുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ഗണത്തിൽപെടുന്ന വിജയകുമാർ അയ്യപ്പനെ സേവിക്കാൻ കിട്ടുന്ന ഓരോ അവസരവും ഒരു നിയോഗവും ദൗത്യവുമായി വിശ്വസിക്കുന്നു. 29 വർഷത്തെ അനുഭവസമ്പത്ത് നൽകുന്ന ആത്മവിശ്വാസം അതിലുപരി കാലത്തിനനുസരിച്ച് വരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും അത് എത്രയും ഭംഗിയായി നിർവഹിക്കാൻ സഹപ്രവർത്തകരെ പറഞ്ഞു മനസ്സിലാക്കി പ്രായോഗികതയിൽ വരുത്താനും വിജയകുമാറിന് സാധിച്ചിട്ടുണ്ട്. പലതരത്തിലുള്ള അനുഭവങ്ങൾ ഭാഷകൊണ്ടും പെരുമാറ്റംകൊണ്ടും വ്യത്യസ്ഥരായ തീർഥാടകർ, പൊടുന്നനെ സംജാതമാകുന്ന സുരക്ഷാ വെല്ലുവിളികൾ എന്നിവയ്ക്കെലാം നേർസാക്ഷിയായ എൻ വിജയകുമാർ ശബരിസന്നിധിയിലെ തന്റെ 29-ാം വർഷം സാർത്ഥകമാക്കാനുള്ള ആത്മാർത്ഥ ശ്രമത്തിലാണ്.
മണ്ഡലകാലം അവസാനിക്കാനിനി രണ്ടുനാൾ ബാക്കിയും, തങ്കഅങ്കി ഘോഷയാത്ര 25ന് വൈകിട്ട് സന്നിധാനത്തേക്ക് വന്നു ചേരുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളും തീർത്ഥാടകർക്ക് ആവുംവിധത്തിലുള്ള സുഗമമായ ദർശനസൗകര്യങ്ങളുമൊരുക്കി തയ്യാറായി നിൽക്കുകയാണ് എൻ വിജയകുമാറും സംഘവും.

## ത്രിതല സുരക്ഷയൊരുക്കി ദ്രുതകർമ്മസേന

ശബരിമല: മണ്ഡലപൂജയ്ക്ക് മണിക്കൂറുകൾ മാത്രം അവശേഷിക്കെ ശബരിമല ധർമ്മശാസ്താക്ഷേത്രത്തിന്റെ സുരക്ഷയ്ക്ക് കൂടുതൽ ക്രമീകരണങ്ങളൊരുക്കി സിആർപിഎഫിന്റെ റാപ്പിഡ് ആക്ഷൻ ഫോഴ്സ് (ദ്രുതകർമ്മസേന). മൂന്നു തലത്തിലുള്ള സുരക്ഷയാണ് ആർഎഎഫ് ശബരിമലയിൽ ഒരുക്കിയിട്ടുള്ളത്. സന്നിധാനത്തും തിരുമുറ്റത്തും കൊടിമരച്ചുവട്ടിലുമുള്ള ഒന്നാമത്തെതലം. നടപ്പന്തലിന്റെ തുടക്കംമുതൽ പതിനെട്ടാംപടിക്ക് താഴെവരെയുള്ള രണ്ടാമത്തെ തലം. വലിയനടപ്പന്തലിന് പുറത്തുള്ള ഭാഗം മൂന്നാം തലം എന്നിങ്ങനെയാണ് സുരക്ഷ ക്രമീകരിച്ചിരിക്കുന്നത്. സിആർപിഎഫിന് ലഹളകൾ നിയന്ത്രിക്കുന്നതിന് പത്ത് യൂണിറ്റുകളാണ് ഉള്ളത്. അതിൽ 105-ാം ബറ്റാലിയനിൽനിന്നുള്ള രണ്ട് കമ്പനികളാണ് ശബരിമലയിൽ എത്തിയിട്ടുള്ളത്. ഇതിൽ 260 സേനാംഗങ്ങളുണ്ട്. ഡെപ്യൂട്ടി കമാൻഡന്റ് മധു ജി നായരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ആർഎഎഫിന്റെ ദക്ഷിണേന്ത്യയിലെ ആസ്ഥാനം കോയമ്പത്തൂരാണ്. ശബരിമല സന്നിധാനം കൂടാതെ മണ്ഡലപൂജ മകരവിളക്ക് മ

ഹോത്സവങ്ങളുടെ ഭാഗമായി മരക്കൂട്ടം, പാണ്ടിത്താവളം എന്നിവിട ങ്ങളിൽ ആർഎഎഫ് സുരക്ഷാ സംവിധാനവും നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്. തിരുവാഭരണം കൊണ്ടുവരുന്നതിന് മുന്നോടി യായി യൂ ടേൺമുതൽ നടപ്പന്തൽവരെ പ്രത്യേക സുരക്ഷാവലയം തീർക്കും. സന്നിധാനം ശ്രീകോവിൽ എന്നിവിടങ്ങളിൽ സായുധ സു രക്ഷയാണ് സേനയുടെ ദൗത്യം. ഏതുതരത്തിലുള്ള ആക്രമണങ്ങ ളെയും പ്രതിരോധിക്കാൻ വേണ്ടശേഷി സേനയ്ക്കുണ്ട്. എക്സ്-95 റൈഫിളേന്തിയ ഭടന്മാർക്കാണ് ശ്രീകോവിലിന്റെ സുരക്ഷ. നൈറ്റ് വിഷൻ സംവിധാനമുള്ള ആയുധമാണിത്. എ.കെ-47 റൈഫിളു കളും സേന ധാരാളമായി ഉപയോഗിക്കുന്നു. കാഴ്ചയിൽ പേടിതോ ന്നിക്കാത്ത ശരീരത്തോട് ചേർന്നുകിടക്കുന്ന ആയുധം എന്നതാണ് എക്സ്-95ന്റെ സവിശേഷത. സന്നിധാനത്ത് രണ്ടിടത്തായി സ്ഥാപി ച്ചിട്ടുള്ള കാമറകൾ ആർഎഎഫിന്റെ കോയമ്പത്തൂർ, ഡൽഹി കേന്ദ്രങ്ങളാണ് നിയന്ത്രിക്കുന്നത്. നൈറ്റ് വിഷൻ ബൈനോക്കുലറു കളും ഡ്രാഗൺ ലൈറ്റുകളും സേനയുടെ കൈവശമുണ്ട്. കേരളം, തമിഴ്നാട്, കർണാടകം, പോണ്ടിച്ചേരി, ആൻഡമാൻ, നിക്കോബാർ, ആന്ധ്രാപ്രദേശിലെ 3 ജില്ലകൾ എന്നിവിടങ്ങളാണ് കോയമ്പത്തൂർ ആർഎഎഫിന്റെ പരിധിയിൽപ്പെടുന്നത്. സേനയുടെ പ്രവർത്തന ങ്ങൾ സുരക്ഷയിൽ മാത്രം ഒതുങ്ങുന്നതല്ല. പുണ്യം പൂങ്കാവനം പ ദ്ധതിയുടെയും ശബരിമല സാനിട്ടേഷൻ പരിപാടികളുടെയും പ്രധാ ന പങ്കാളികളാണ് ആർഎഎഫ്. എല്ലാ ഞായറാഴ്ചകളിലും ആർഎ എഫിന്റെ നൂറ് പേരടങ്ങുന്ന സംഘം സന്നിധിയിലെത്തി ശബരിമല യിലെ ശുചീകരണപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. ഡപ്യൂട്ടി ക മാൻഡന്റിനെ കൂടാതെ മൂന്ന് അസിസ്റ്റന്റ് കമാൻഡന്റു മാർ, ആറ് ഇൻസ്പെക്ടർമാർ, 13 സബ് ഇൻസ്പെക്ടർമാർ, എന്നിവർക്കാണ് സേ നയുടെ മേൽനോട്ട ചുമതല. കേന്ദ്രസേനയുടെ അച്ചടക്കത്തോടെയു ള്ള പ്രവർത്തനങ്ങൾ ശബരിമലയിൽ പുതിയ മാതൃകകളാണ് സൃ ഷ്ടിക്കുന്നത്.

## തങ്കയങ്കി ഘോഷയാത്ര ഇന്ന് കോന്നിയിൽനിന്ന്

ശബരിമല: അയ്യപ്പസ്വാമിക്ക് മണ്ഡലപൂജയ്ക്ക് ചാർത്താനുള്ള തങ്ക യങ്കിയും വഹിച്ച് ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽനിന്നും ആ രംഭിച്ച ഘോഷയാത്ര ഇന്ന് കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിൽ നിന്നും യാത്ര തുടരും. എട്ടിന് ചിറ്റൂർ മഹാദേവക്ഷേത്രം, 8.30ന് അ ട്ടച്ചാക്കൽ വഴി 9.30 ന് വെട്ടൂർ ക്ഷേത്രത്തിലെത്തും. തുടർന്ന് പ്രഭാത ഭക്ഷണത്തിനുശേഷം 9.30ന് മൈലാടുംപാറ, 11.30ന് കോട്ടമുക്ക്, ഉച്ച യ്ക്ക് 12ന് മലയാലപ്പുഴ ക്ഷേത്രം, 12.30 ന് മലയാലപ്പുഴ താഴം, 12.45 മണ്ണാറക്കുളഞ്ഞി ക്ഷേത്രം, ഉച്ചകഴിഞ്ഞ് രണ്ടിന് റാന്നി രാമപുരം ക്ഷേത്രത്തിൽ എത്തും. അവിടെ ഭക്ഷണവും വിശ്രമവും. അഞ്ചുമ

ണിക്ക് ഇടക്കുളം ശാസ്താ ക്ഷേത്രം, 6.15 ന് വടശേരിക്കര ചെറുകാവ്, 6.45 ന് വടശേരിക്കര പ്രയാർ, 7.45ന് മാടമൺ ക്ഷേത്രം. അതിനു ശേഷം പെരുനാട് ക്ഷേത്രത്തിൽ രാത്രി വിശ്രമം.

### 32,400 രൂപ പിഴ ഈടാക്കി

ശബരിമല: പമ്പയിലും പരിസരപ്രദേശത്തും എക്സൈസ് വകുപ്പ് വ്യാപകമായി നടത്തിയ പരിശോധനയിൽ പുകയില ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് 162 കേസുകളെടുക്കുകയും 32,400 രൂപ പിഴ ഈടാക്കുകയും ചെയ്തു. 9 കിലോ പുകയില, 38 പാക്കറ്റ് സിഗരറ്റ്, 193 പാക്കറ്റ് ബീഡി എന്നിവ കണ്ടെടുത്തു. വരും ദിവസങ്ങളിൽ പരിശോധന കർശനമാക്കുമെന്ന് പമ്പ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മാത്യു കുര്യൻ, സർക്കിൾ ഇൻസ്പെക്ടർ പി ബാബു എന്നിവർ അറിയിച്ചു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 23 2016




# ശബരിമല പത്രക്കുറിപ്പ് 3


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook: facebook.com/sabarimalaprd


## പോലീസ് സേനയുടെ കർപ്പൂര ആഴി നടന്നു

ശബരിമല: ശരണം വിളികളാൽ മുഖരിതമായ അന്തരീക്ഷത്തിൽ ഇന്നലെ സന്നിധാനത്ത് മണ്ഡലപൂജയ്ക്ക് മുന്നോടിയായി പോലിസ് അയ്യപ്പൻമാരുടെ കർപ്പൂര ആഴി നടന്നു. ദീപാരാധനയ്ക്ക് ശേഷം തന്ത്രി കണ്ഠര് രാജീവര്, മേൽശാന്തി ടി.എം.ഉണ്ണികൃഷ്ണൻ നമ്പൂതിരി എന്നിവർ ചേർന്ന് കൊടിമരച്ചുവട്ടിൽ ഓട്ടുരുളിയിൽ ഒരുക്കിവച്ച കർപ്പൂരം കത്തിച്ചതോടെ ഘോഷയാത്ര ആരംഭിച്ചു. ചടങ്ങിൽ ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ ആർ. ജയശങ്കർ, സ്പെഷ്യൽ ഓഫീസർ എൻ. വിജയകുമാർ, പമ്പ സ്പെഷ്യൽ ഓഫീസർ യദീഷ് ചന്ദ്ര, അസിസ്റ്റന്റ് സ്പെഷൽ ഓഫീസർ കാർത്തികേയ ഗോകുലചന്ദ്ര, സന്നിധാനം പൊലീസ് സ്റ്റേഷൻ എസ്.ഐ. പി.വിനോദ് കുമാർ, ദേവസ്വം പി.ആർ.ഓ മുരളി കോട്ടയ്ക്കകം തുടങ്ങിയവർ സന്നിഹിതരായിരുന്നു. കർപ്പൂര ആഴി കൊടിമരത്തിന് വലംവച്ച ശേഷം ഘോഷയാത്രയായി മാളികപ്പുറത്തേക്ക് നീങ്ങി. തുടർന്ന് ഘോഷയാത്ര നടപ്പന്തൽ വഴി ആലിൻചുവട്ടിൽ വന്ന് തിരിച്ച് സന്നിധാനം സ്റ്റേജിൽ എത്തി.

പുലിവാഹനനായ അയ്യപ്പന്റെ ദൃശ്യാവിഷ്കാരം ഘോഷയാത്രയിൽ പ്രത്യേകശ്രദ്ധ പിടിച്ചുപറ്റി. പുലികളി, മയിൽക്കാവടി, പന്തളരാജാവ്,

മന്ത്രി, വാവര്, വെളിച്ചപ്പാട്, ശ്രീരാമൻ, നരസിംഹം, ബ്രഹ്മാവ്, ദുർവാസാവ്, കൃഷ്ണൻ തുടങ്ങിയ വേഷങ്ങളും ഘോഷയാത്രയെ ഭക്തിനിർഭരമാക്കി. പുണ്യം പൂങ്കാവനത്തിന്റെ സന്ദേശങ്ങൾ വഹിച്ചുകൊണ്ടുള്ള പെയ്ക്കാലിലുള്ള കൂറ്റൻ ദൃശ്യങ്ങൾ വേറിട്ട കാഴ്ചയായിരുന്നു


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 23 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd

---

### ഹൃദയാഘാതം: ശബരിമലയിൽ തീർഥാടകൻ മരിച്ചു

ശബരിമല: ശബരിമല ദർശനത്തന് തമിഴ്നാട്ടിൽനിന്നെത്തിയ തീർഥാടകൻ ശിവസുബ്രഹ്മണ്യ ഭാരതി (35) ഹൃദയാഘാതം മൂലം മരണമടഞ്ഞു. ഇന്നലെ ഉച്ചയ്ക്ക് പതിനെട്ടാംപടിയുടെ സമീപം കുഴഞ്ഞുവീഴുകയായിരുന്നു. ഉടൻതന്നെ സന്നിധാനം ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. തിരുവള്ളൂർ മഥുരവയൽ നോലാമ്പൂ ഏഴാംസ്ട്രീറ്റിൽ മാതാകോവിൽ നഗർ സ്വദേശിയാണ്. മൃതദേഹം ബന്ധുക്കൾ നാട്ടിലേക്ക് കൊണ്ടുപോയി.

### അവലോകനയോഗവും പത്രസമ്മേളനവും

ശബരിമല: ഇന്ന് രാവിലെ 11 ന് സന്നിധാനത്തെ ദേവസ്വം ഓഫീസ് സമുച്ചയത്തിൽവച്ച് വിവിധ സർക്കാർ, സർക്കാരിതര വകുപ്പ് ഉദ്യോഗസ്ഥരുടെ അവലോകനയോഗം ചേരുന്നതായിരിക്കും. ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ദേവസ്വംബോർഡ് പ്രസിഡന്റിന്റെ പത്രസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.